ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07-07-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1.) ഇന്ത്യ- ഇന്തോനേഷ്യ സഹകരണം മെച്ചപ്പെടുത്താൻ അവസരങ്ങളേറെയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്തോനേഷ്യൻ പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

**Prime Minister Narendra Modi says there is immense potential to further strengthen India-Indonesia cooperation; addresses the joint session of the Indonesian Parliament.**

2.) വയനാട് മേപ്പാടി തുരങ്കപാതക്ക് സമീപമുണ്ടായ മണ്ണിടിച്ചിലിൽ മൂന്ന് മരണം സ്ഥിരീകരിച്ചു. മണ്ണ് നീക്കണമെന്ന നിർദ്ദേശം കരാറുകാർ പാലിച്ചില്ലെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. മനുഷ്യനിർമിത ദുരന്തമെന്ന് മന്ത്രി ടി സിദ്ദിഖ്.

**Three deaths confirmed in the landslide near the Meppadi tunnel project site in Wayanad. Chief Minister V. D. Satheesan says the contractor failed to comply with directions to remove the accumulated soil; Minister T. Siddique calls it a man-made disaster.**

3.) അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത. മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത.

**Red alert issued today for Kozhikode and Wayanad districts due to the likelihood of extremely heavy rainfall. Orange alert for Malappuram, Kannur and Kasaragod; yellow alert for four other districts.**

4.) കേരളത്തിലെ പ്രധാന ആരോഗ്യപദ്ധതികളും പൊതുജനാരോഗ്യ സംരംഭങ്ങളും സംബന്ധിച്ച് കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി. നഡ്ഡയും മന്ത്രി കെ. മുരളീധരനും ഓൺലൈൻ യോഗം ചേർന്നു.

**Union Health Minister J. P. Nadda and Kerala Health Minister K. Muraleedharan hold a virtual meeting to review key health programmes and public health initiatives in the State.**

5.) ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിന് നാളെ കൊച്ചിയിൽ തുടക്കം. കേന്ദ്ര മന്ത്രി അന്നപൂർണാ ദേവി പങ്കെടുക്കും.

**BRICS Women's Ministerial Meeting to begin in Kochi tomorrow; Union Minister Annapurna Devi to participate.**

6.) ഫിഫ ലോകകപ്പ് പ്രീ-ക്വാർട്ടറിൽ ഇന്ന് അർജൻറീന-ഈജിപ്റ്റുമായി ഏറ്റുമുട്ടും.

**In the FIFA World Cup pre-quarterfinals, Argentina will take on Egypt today.**

************

## PM MODI-INDONESIA PARLIAMENT (INTRO)

വിവിധ മേഖലകളിൽ സഹകരണം ശക്തമാക്കാൻ ഇന്ത്യയ്ക്കും ഇന്തോനേഷ്യയ്ക്കും വലിയ അവസരങ്ങളുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ജക്കാർത്തയിൽ ഇന്തോനേഷ്യൻ പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഭീകരവാദത്തെ ചെറുക്കുന്നതിനായി ഇന്ത്യയും ഇന്തോനേഷ്യയും ഒന്നിച്ച് പ്രവർത്തിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയ്സ്....... )**

നേരത്തെ ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോയുമായി പ്രധാനമന്ത്രി ജക്കാർത്തയിൽ പ്രതിനിധിതല ചർച്ചകൾ നടത്തിയിരുന്നു. പ്രതിരോധം, നിർണായക ധാതുക്കൾ, കൃഷി, ഉരുക്ക്, സമുദ്ര സഹകരണം, എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ നിരവധി ധാരണാപത്രങ്ങളിലും ഒപ്പുവെച്ചു. ഇന്തോനേഷ്യയിലെ ഇന്ത്യൻ സമൂഹത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

************

## BIRLA-PM-HONOUR

ഇന്തോനേഷ്യയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ ബിൻതാങ് ആദിപൂർണ ഓഫ് ദ റിപ്പബ്ലിക് ഓഫ് ഇന്തോനേഷ്യ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് സമ്മാനിച്ചു. ബഹുമതി ഇന്ത്യയിലെ ജനങ്ങൾക്ക് സമർപ്പിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. ബഹുമതി ലഭിച്ചതിൽ ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്ര മന്ത്രിമാരായ രാജ്നാഥ് സിംഗ്, ധർമേന്ദ്ര പ്രധാൻ, എന്നിവർ പ്രധാനമന്ത്രിക്ക് അഭിനന്ദനം അറിയിച്ചു.

************

## WAYANAD (INTRO)

വയനാട് കള്ളാടി തുരങ്കപാത നിർമ്മാണ പ്രദേശത്തുണ്ടായ മണ്ണിടിച്ചിലിൽ മൂന്ന് മരണം സ്ഥിരീകരിച്ചു. 18 പേരാണ് അപകടത്തിൽപ്പെട്ടത്. ഇതിൽ പത്ത് പേരെ പരുക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവശേഷിക്കുന്ന അഞ്ച് പേർക്കായി പ്രദേശത്ത് തെരച്ചിൽ തുടരുകയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ് ......**

(വോയിസ്)

************

## WAYANAD-MINISTER

വയനാട് മണ്ണിടിച്ചിൽ അപകടം ദൗർഭാഗ്യകരമായ സംഭവമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. തുരങ്കപാത നിർമാണവുമായി ബന്ധപ്പെട്ട് പ്രദേശത്ത് കൂട്ടിയിട്ടിരുന്ന മണ്ണ് നീക്കണമെന്ന നിർദ്ദേശം ജൂൺ 20 ന് തന്നെ നല്കിയിരുന്നതാണെന്നും
എന്നാൽ കരാറുകാർ നിർദേശങ്ങൾ പാലിച്ചില്ലെന്നും
അദ്ദേഹം വ്യക്തമാക്കി.
വയനാട് കള്ളാടിയിൽ ഉണ്ടായത് ഉരുൾപൊട്ടലല്ലെന്നും, ശാസ്ത്രീയമല്ലാത്ത രീതിയിൽ മണ്ണ് കൂട്ടിയിട്ടതുമൂലം ഉണ്ടായ മനുഷ്യനിർമിത ദുരന്തമാണെന്നും മന്ത്രി ടി. സിദ്ദിഖ് അറിയിച്ചു. കള്ളാടിയിൽ മണ്ണിനടിയിൽ ആരെങ്കിലും അകപ്പെട്ടിട്ടുണ്ടോയെന്ന് കണ്ടെത്തി എത്രയും വേഗം രക്ഷപ്പെടുത്തുന്നതിനാണ് മുൻഗണന നൽകുന്നതെന്ന് മന്ത്രി എ പി അനിൽകുമാർ അറിയിച്ചു. വയനാട് മേപ്പാടി - കള്ളാടി തുരങ്കപാത നിർമ്മാണ മേഖലയിൽ സർക്കാരിന്റെയും ദുരന്തനിവാരണ വകുപ്പിന്റെയും പ്രവർത്തനങ്ങൾക്ക് പിന്തുണ അറിയിക്കുന്നതായും ആശ്രിതർക്ക് അടിയന്തര ധനസഹായം
ലഭ്യമാക്കണമെന്നും പരിക്കേറ്റവർക്ക് സർക്കാർ സൗജന്യമായി വിദഗ്ദ്ധ ചികിത്സയും ധനസഹായവും ഉറപ്പുവരുത്തണമെന്നും പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ആവശ്യപ്പെട്ടു .

************

## BRICS-WOMEN MINISTERIAL MEET

ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിന് കൊച്ചിയിൽ നാളെ തുടക്കം. രണ്ട് ദിവസത്തെ യോഗത്തിൽ കേന്ദ്ര വനിതാ ശിശുവികസന വകുപ്പ് മന്ത്രി അന്നപൂർണാ ദേവി പങ്കെടുക്കും. വനിത കേന്ദ്രീകൃത വികസനം സംബന്ധിച്ച ചർച്ചകളിൽ ബ്രിക്സ് രാജ്യങ്ങളിൽ നിന്നുള്ള മന്ത്രിമാരും പങ്കെടുക്കുന്നുണ്ട്. ബ്രിക്സ് വനിതാ പ്രവർത്തക സമിതിയുടെ യോഗം ഇന്നലെയും ഇന്നുമായി കൊച്ചിയിൽ നടന്നു.

************

## NADDA-KERALAM MEETING

കേരളത്തിലെ പ്രധാന ആരോഗ്യപദ്ധതികളുടെയും പൊതുജനാരോഗ്യ സംരംഭങ്ങളുടെയും നടപ്പാക്കലും പുരോഗതിയും
കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി. നഡ്ഡ വിലയിരുത്തി. സംസ്ഥാനത്ത് വിവിധ ആരോഗ്യ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് കേരളം നടത്തിയ പ്രവർത്തനങ്ങളെ
ആരോഗ്യ മന്ത്രി കെ. മുരളീധരനുമായി ചേർന്ന ഓൺലൈൻ യോഗത്തിൽ കേന്ദ്രമന്ത്രി അഭിനന്ദിച്ചു. കേരളത്തിന്റെ ആരോഗ്യരംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് കേന്ദ്രത്തിന്റെ പിന്തുണ അദ്ദേഹം ഉറപ്പുനൽകി. സംസ്ഥാനത്ത് വിവിധ ദേശീയ ആരോഗ്യപദ്ധതികളുടെ ഭാഗമായി കൈവരിച്ച പുരോഗതിയും ആരോഗ്യ സേവന വിതരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി കേരള സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളും ശ്രീ കെ. മുരളീധരൻ കേന്ദ്രമന്ത്രിയെ ധരിപ്പിച്ചു.

*************

## IMD-KERALA

അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത നൽകി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും എറണാകുളം, ഇടുക്കി,
തൃശൂർ, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ഒഴികെ എല്ലാ ജില്ലകളിലും നാളെ മഞ്ഞ ജാഗ്രതയാണ് . കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് വയനാട്, കോഴിക്കോട് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി പ്രഖ്യാപിച്ചു.

*************

## IMD

രാജ്യത്ത് തെക്കുപടിഞ്ഞാറൻ കാലവർഷം ശക്തി പ്രാപിക്കുന്നു. പടിഞ്ഞാറൻ അറബിക്കടൽ, ഗുജറാത്ത്, ഹരിയാന, പഞ്ചാബ് , രാജസ്ഥാൻ എന്നിവിടങ്ങളിൽ കാലവർഷം കൂടുതൽ വ്യാപകമാകാൻ സാധ്യതയെന്ന് കേന്ദ്രകലാവസ്ഥാ വകുപ്പ്. അതേസമയം,

ഗുജറാത്തിലും മഹാരാഷ്ട്രയിലും ശക്തമായ മഴ തുടരുകയാണ്. സൗരാഷ്ട്രയിലും ഗുജറാത്തിന്റെ തെക്കൻ ഭാഗങ്ങളിലും ദേശീയ, സംസ്ഥാന ദുരന്തനിവാരണ സേനകളെ വിന്യസിച്ചിട്ടുണ്ട്. മഹാരാഷ്ട്രയിലെ പാൽഘർ, താനെ , പുനെ , എന്നിവിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. ജമ്മു കശ്മീരിലെ ദോഡ ജില്ലയിൽ കനത്ത മഴയെത്തുടർന്നുണ്ടായ മേഘവിസ്ഫോടനത്തിൽ നിരവധി വീടുകളും കടകളും തകർന്നു.

ആളപായമോ നാശനഷ്ടമോ റിപ്പോർട്ട് ചെയ്തിട്ടില്ല.

************

## REV. PREZ-DURAND CUP (INTRO)

രാജ്യത്തെ യുവാക്കളുടെ ആത്മവിശ്വാസവും ഒത്തൊരുമയും ശക്തിപ്പെടുത്താൻ കായികമേഖല വലിയ പങ്ക് വഹിക്കുന്നതായി രാഷ്ട്രപതി ദ്രൗപതി മുർമു. 2026 ലെ ഡ്യൂറണ്ട് കപ്പ് ടൂർണമെൻറ് ന്യൂ ഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. ഫുട്ബോളിൽ ലോകത്തിലെ മുൻനിര ശക്തിയായി ഉയരാൻ ഇന്ത്യയ്ക്ക് ഇനിയും ഏറെ ദൂരം സഞ്ചരിക്കാനുണ്ടെന്നും, അതിനായി എല്ലാവരും ഒരുമിച്ച് തയ്യാറെടുക്കണമെന്നും രാഷ്ട്രപതി ആഹ്വാനം ചെയ്തു.

**(ഹോൾഡ് വോയ്സ്..........)**

************

## FIFA WORLD CUP

ഫിഫ ലോകകപ്പ് പ്രീ-ക്വാർട്ടറിൽ ഇന്ന് രാത്രി 9.30ന് നിലവിലെ ചാമ്പ്യൻമാരായ അർജൻറീന- കരുത്തരായ ഈജിപ്റ്റിനെ നേരിടും. ലയണൽ മെസ്സിയും, മുഹമ്മദ് സലായും നേർക്കുനേർ വരുന്ന പോരാട്ടത്തിനായി ഫുട്ബോൾ ലോകം ആവേശപൂർവ്വം കാത്തിരിക്കുകയാണ്. രാത്രി 1.30 ന് നടക്കുന്ന മത്സരത്തിൽ കൊളംബിയ,സ്വിറ്റ്സർസൻഡിനെ നേരിടും.

പ്രീ-

ക്വാർട്ടറിൽ ഇന്ന്, അമേരക്കയെ തകർത്ത് ബെൽജിയവും, പോർച്ചുഗലിനെ ഏകപക്ഷീയമായ ഒരു ഗോളിന് പരാജയപ്പെടുത്തി സ്പെയിനും ക്വാർട്ടറിൽ കടന്നു.

************

## IND vs ENG T20

ഇന്ത്യ-ഇംഗ്ലണ്ട് ട്വന്റി 20 പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്. ഇന്ത്യൻ സമയം രാത്രി 10 മണിക്ക് ഇംഗ്ലണ്ടിലാണ് മത്സരം. പരമ്പരയിൽ ഇംഗ്ലണ്ട് 1-0ന് മുന്നിലാണ്.

************

## LAKSHADWEEP-TUNA

ലക്ഷദ്വീപിലെ വാർഷിക ചൂര ഉൽപാദനം അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 50,000 ടണ്ണായി ഉയർത്തുമെന്ന് കേന്ദ്രസർക്കാർ. ഇതിൻറെ മാസ്റ്റർ പ്ലാനിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ നടന്ന സംയുക്ത ഗുണഭോക്തൃ ചർച്ചയിൽ അന്തിമരൂപം നൽകി. ദ്വീപിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവനവും സാമ്പത്തികസ്ഥിതിയും മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള വിപുലമായ പദ്ധതികളാണ് മാസ്റ്റർ പ്ലാനിലുള്ളത്.

************

## CENSUS

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായുള്ള വീടുകളുടെ വിവരശേഖരണം തുടരുന്നു. സെൽഫ് എന്യുമേറേഷൻ നടത്തിയവർക്ക് ഓൺലൈനിൽ ലഭിച്ച ഐ.ഡി പരിശോധിച്ച് വിവരങ്ങൾ സ്ഥിരീകരിച്ച ശേഷമാണ് വിവരശേഖരണം നടത്തുന്നത്. സെൽഫ് എന്യൂമറേഷൻ നടത്താത്ത കുടുംബങ്ങളുടെ വിവരങ്ങൾ എന്യുമറേറ്റർമാർ നേരിട്ട് രേഖപ്പെടുത്തും.

************

********

****